## ജില്ലാതല അദാലത്ത് സമിതി യോഗം - 13

16/01/2024 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിൻമേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം.1

പരാതിക്കാരൻറെ പേര് - ശ്രീ. ദീപു.ആർ, നാരായണൻ വിലാസം, അരുമല.പി.ഒ, കന്യാകുമാരി ജില്ല - 629151.

പരാതി വിഷയം - Residential കെട്ടിടത്തിന് TC നമ്പർ അനുവദിക്കണമെന്ന അപേക്ഷ- സംബന്ധിച്ച് .

സൂചന - സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000021 ഡോക്കറ്റ് നമ്പർ പരാതി.

പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകുന്ന ഉപദേശം

തിരുവനന്തപുരം നഗരസഭയിലെ നന്ദൻകോട് വാർഡിൽ തിരുവനന്തപുരം താലൂക്കിലെ കവടിയാർ വില്ലേജിൽ ഉൾപ്പെട്ട സർവേ നം. 3316/14-1-ൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്ത് 3 നിലകളിലായി 262 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള residential ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 09/02/2018-ൽ E14/BA/1166-18 നമ്പറായി അപേക്ഷകന് പെർമിറ്റ് ലഭിച്ചിരുന്നു. ടി പെർമിറ്റിനോടൊപ്പം അപ്രൂവ് ചെയ്ത പ്ലാൻ അനുസരിച്ച് FRONTYARD- 3 മീറ്റർ, REAR YARD -2 മീറ്റർ, SIDE YARD I-1 to 1.5 മീറ്റർ, 2.10 മീറ്റർ വീതിയുള്ള വഴിയോടു ചേർന്നുള്ള SIDE YARD II-ന്റെ ഭാഗത്ത് 1.5 മീറ്റർ എന്നിങ്ങനെ SET BACKS Provide ചെയ്തിരുന്നു. എന്നാൽ കംപ്ലീഷൻ പ്ലാൻ അനുസരിച്ചും സ്ഥലപരിശോധനയിലും 2.10 മീറ്റർ വീതിയുള്ള വഴിയോട് ചേർന്നുള്ള പാർശ്വഭാഗത്ത് (SIDE YARD II) .90 to.95 മീറ്റർ വീതിയുള്ള set back മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇത് KMBR 99 Rule 25(1) ന്റെയും, KMBR-2019 Rule 23(2) ന്റെയും ലംഘനമാണ്.

ആയതിനാൽ കെട്ടിട നിർമ്മാണ ക്രമവത്ക്കരണത്തിന് വേണ്ടി വിശേഷാൽ ചട്ടങ്ങൾ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആയതിന് വിധേയമായി ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയെ ജില്ലാതല അദാലത്ത് സമിതിയോഗം ഉപദേശിച്ച് തീരുമാനിച്ചു.

K. PRASANTH KUMAR
DEPUTY DIRECTOR
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

തിരുവനന്തപുരം
പിൻ.695043

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM